**നമ്പർ 60/2020**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ ഇന്ത്യാമഹാരാജ്യത്തെ എല്ലാ ഇടവകകളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

ലോകമെമ്പാടും വ്യാപിച്ചുകഴിഞ്ഞിരിക്കുന്ന കോവിഡ് 19 എന്ന മഹാമാരിയെക്കുറിച്ച് ഇതിനോടകം തന്നെ നാം നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. വ്യത്യസ്ത തലങ്ങളിൽ അനുവർത്തിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഇടവക ശുശ്രൂഷയിലും ആരാധനകളിലും നടത്തേണ്ടുന്ന ക്രമീകരണങ്ങളെക്കുറിച്ചും യഥാസമയം നിങ്ങൾക്ക് ഏവർക്കും അറിയിപ്പ് നൽകിയിട്ടുള്ളതുമാകുന്നു. ഭാരതത്തിന്റെ ബഹുമാന്യനായ പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങളോട് അഭ്യർത്ഥിച്ചതിൻപ്രകാരം മാർച്ച് മാസം 22-ാം തീയതി ഞായറാഴ്ച രാവിലെ 7 മണിമുതൽ വൈകിട്ട് 9 മണി വരെ സ്വഭവനങ്ങളിൽ നിന്ന് പുറത്തിറങ്ങാതെ നമ്മുടെ വിശ്വാസികൾ ഏവരും സഹകരിക്കണം. 22-ാം തീയതി ഞായറാഴ്ച രാവിലെ 6 മണിക്ക് സമാപിക്കത്തക്കവിധത്തിൽ വി. കുർബ്ബാനയുടെ സമയക്രമം അതത് ഇടവക വികാരിമാർ നിശ്ചയിക്കേണ്ടതാണ്. ഓരോ ഇടവകയിലും അതത് സ്ഥലത്തെ അധികാരികൾ നിഷ്കർഷിച്ചിട്ടുള്ള സംഖ്യ അനുസരിച്ച് മാത്രം വിശ്വാസികൾ പങ്കെടുക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാർച്ച് മാസം 29-ാം തീയതി ഞായറാഴ്ച കാതോലിക്കാദിനമാകയാൽ അന്നേദിവസം പരിശുദ്ധ സഭയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും പൊതുവായി പ്രാർത്ഥനകൾ നടത്തണം എന്നാൽ ആഘോഷപരിപാടികളും സമ്മേളനങ്ങളും പൂർണ്ണമായും ഒഴിവാക്കണം. കാതോലിക്കാദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട തുടർ ക്രമീകരണങ്ങളെക്കുറിച്ച് യഥാസമയം നാം നിങ്ങളെ അറിയിക്കുന്നതാണ്.

വാത്സല്യമുള്ളവരെ, ലോകം മുഴുവനെയും ഈ മഹാവിപത്തിൽ നിന്ന് വിടുവിക്കേണ്ടതിന് അനുതാപത്തോടും കണ്ണീരോടുംകൂടെ നമ്മുടെ കർത്താവിനോട് ഹൃദയം നുറുങ്ങി പ്രാർത്ഥിക്കേണ്ട അവസരമാണിതെന്ന് ഓരോരുത്തരെയും നാം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ വിശ്വാസികൾ ഏവരും തങ്ങളുടെ കുടുംബപ്രാർത്ഥനകളും വ്യക്തിഗത പ്രാർത്ഥനകളും മുടക്കം കൂടാതെ നിർവ്വഹിക്കുവാനും നോമ്പുപവാസങ്ങൾ യോഗ്യമായി അനുഷ്ഠിക്കുവാനും നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവത്തിലും പുനരുത്ഥാനത്തിന്റെ ദിവ്യസമാധാനത്തിലും പങ്കാളികളായി തീരുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം. ഈ കാലഘട്ടത്തിന്റെ ക്ലേശങ്ങളെ തരണം ചെയ്യുന്നതിനാവശ്യമായ ആത്മീയ ദൂതുകൾ നൽകി അവരെ ബലപ്പെടുത്തുവാൻ നമ്മുടെ വൈദികർ ഉത്സാഹിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 മാർച്ച് മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.